# പള്ളികഥകൾ

## മിനികഥകൾ നാല്പത്തിയെട്ട്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ജോസഫച്ചൻ ഇന്ന് ശോകാദ്ര വദനവുമായാണ് കഥ പറയാൻ വരുന്നത്. അതു കണ്ടപ്പോഴേ മനസ്സിലായി ദുഃഖകരമായ കഥയാണിന്നുള്ളത്. കൂടാതെ ''ദുഃഖത്തിന്റെ പാനപാത്രം'' എന്ന പാട്ടും പാടിയാണ് വരുന്നത്.

## ദുഃഖത്തിന്റെ പാനപാത്രം

ഇത് അമേരിക്കയിൽ നടന്ന സംഭവമാണ്. ഒരു ചെറിയ പട്ടണത്തിലെ സാമന്യം വലിപ്പമുള്ള ഒരു ചെറിയ ഇടവക. വികാരി കൊച്ചു തോമസച്ചൻ. ഇത് കൊച്ചു തോമസച്ചന്റെ കഥയാണ്. ഇവിടെ ധാരാളം തോമസച്ചന്മാരുള്ളതുകൊണ്ട് ഇദ്ദേഹത്തെ മനസ്സിലാക്കാനായാണ് കൊച്ചു തോമസച്ചൻ എന്ന് എല്ലാവരും വിളിക്കുന്നത്.

കൊച്ചച്ചൻ എന്നതാണ് ശരി. പേര് തോമസ്. രണ്ടും കൂടെ ചേർന്നപ്പോൾ കൊച്ചു തോമസച്ചൻ ആയി. വർഷങ്ങൾക്കു മുമ്പ് പെങ്ങൾ പേപ്പർ പണികൾ എല്ലാം ചെയ്തതു കൊണ്ട് ഇപ്പോഴേ അമേരിക്കയിൽ വന്നെത്തിച്ചേരാൻ സാധിച്ചുള്ളു. പെങ്ങൾ പേപ്പർ പണി ചെയ്ത സമയം ഇദ്ദേഹം വെറും തോമസുകുട്ടിയായിരുന്നു. പിന്നീട് കോളേജ് വിദ്യാഭ്യാസം കഴിഞ്ഞ് സെമിനാരി വിദ്യാഭ്യാസവും കഴിഞ്ഞ് ശെമ്മാശ്ശനും ആയി വിവാഹവും കഴിഞ്ഞ് അച്ചനുമായി കഴിഞ്ഞപ്പോഴാണ് അമേരിക്കയിലേക്ക് എത്തിച്ചേരാൻ സാധിച്ചത്.

തൊട്ടയൽപ്പക്കത്തുള്ള സുന്ദരിയായ സാറാമ്മയുമായി ഇദ്ദേഹം ചെറുപ്പം മുതൽ സ്നേഹത്തിലായിരുന്നു. സത്യത്തിൽ പ്രേമമായിട്ടല്ലായിരുന്നു തുടക്കം. പ്രേമിക്കണമെന്നാഗ്രഹവുമില്ലായിരുന്നു. ഓർമ്മ വെച്ച നാൾ മുതൽ ഒന്നിച്ചവർ വളർന്നു. ഒരു വയസ്സിന്റെ പ്രായവ്യത്യാസം ഇരുവരും തമ്മിലുണ്ട്. അനുദിനം കണ്ടും കേട്ടും വളർന്നവർ, പ്രായമായപ്പോൾ അത് പ്രേമമായി മാറി. അദ്ദേഹം സെമിനാരിയിൽ പഠിക്കാൻ പോയപ്പോൾ അവൾ ഫാർമസി പഠിക്കാൻ പോയി. ആ കാലങ്ങളിൽ വിരഹ വേദന ഉണ്ടായത് പിന്നീടുള്ള ജീവിതത്തിന് കൂടുതൽ മധുരമുള്ളതായി. സെമിനാരി പഠിത്തം കഴിഞ്ഞപ്പോൾ വിവാഹം വേണമെന്ന് തീവ്രമായി ആഗ്രഹിച്ചു. തന്റെ കളികൂട്ടുകാരിയെ നഷ്ടപ്പെടരുതെന്നുള്ള അതിയായ ആഗ്രഹം കൊണ്ടു മാത്രമാണ് ഇത്രയും പെട്ടന്ന് വിവാഹം കഴിക്കാൻ തീരുമാനമെടുത്തതും. അപ്പോഴേക്കും അവളുടെ പഠിത്തവും തീർന്നിരുന്നു. വിവാഹം കഴിഞ്ഞ് വലിയ താമസം കൂടാതെ അച്ചനുമായി. അതും കഴിഞ്ഞ് ഒരു മാസം തികച്ചും കഴിയുന്നതിന് മുമ്പ് അമേരിക്കയിലേക്ക് പോകാൻ എല്ലാം ശരിയായി. എല്ലാ അവളുടെ ഐശ്വര്യമെന്ന് വീട്ടുകാരും നാട്ടുകാരും അയാളും വിശ്വസിച്ചു.

കൊച്ചച്ചൻ കുറച്ചു നാൾ വലിയ പെങ്ങളുടെ കൂടെ താമസിച്ചു. പലസ്ഥലങ്ങളിലും പോയി കുർബ്ബാന ചൊല്ലി. നല്ല സ്വര മാധുര്യം. സ്പുടതയും വ്യക്തവും ഭക്തിനിർഭരവുമായ ആരാധന. ഒരിക്കൽ ആ ആരാധനയിൽ പങ്കെടുത്തവർക്കെല്ലാം വീണ്ടും അദ്ദേഹത്തിന്റെ ആരാധനയിൽ വീണ്ടും പങ്കു ചേരണമെന്നാഗ്രഹമായി. ആരാധനയിൽ യാതൊരു അബദ്ധവും കാപട്യമോ ഇല്ലായിരുന്നു. എല്ലാവർക്കും ഹൃദ്യമായിരുന്നു.

ആയിടയ്ക്കായിരുന്നു ആ സ്ഥലത്തെ വലിയ പള്ളിയിൽ നിന്നും കുറച്ചാളുകൾ മാറിപ്പോയി വേറെ ഇടവകയുണ്ടാക്കിയത് പുതിയ ഇടവകയ്ക്ക് അച്ചനെ വേണമല്ലോ. അവസാനം ഭദ്രാസന മെത്രാപ്പോലീത്താ ഇടപ്പെട്ട് നമ്മുടെ കൊച്ചച്ചനെ അവിടുത്തെ വികാരിയാക്കിയിട്ട് അവരോട് പറഞ്ഞു: ''ഇത് വെറും കൊച്ചച്ചനാണ്. നിങ്ങളെല്ലാവരുടേയും പൂർണ്ണമായ സഹകരണം എല്ലാ കാര്യങ്ങളിലും എപ്പോഴും ഉണ്ടായിരിക്കണം'' നമ്മുടെ കൊച്ചച്ചൻ ആ സ്ഥലത്തേക്ക് മാറി താമസിച്ചു. സാറായ്ക്ക് അവിടെ വളരെ അടുത്തുള്ള ആശുപത്രിയിൽ ഫാർമസിസ്റ്റായ് ജോലിയും കിട്ടി. പള്ളിക്കാർ അച്ചന് മാസം തോറും ആയിരം ഡോളർ ശമ്പളവും താമസസൗകര്യവും കൊടുത്തു. പോരാത്തതിന് ഇടവകക്കാർ എപ്പോഴും എല്ലാ കാര്യത്തിനും കിമ്പളവും കൊടുത്തിരുന്നു. കൊച്ചച്ചന്റെ നല്ല ആരാധനയും സ്വഭാവവും കാരണം അവർ പിണങ്ങി വന്ന പള്ളിയിലെ വളരെ കുടുംബങ്ങൾ ഈ പള്ളിയിലേക്ക് വരാനിടയായി. അങ്ങിനെ പുതിയ ഇടവക തുടങ്ങി ഏകദേശം ഒരു വർഷമായപ്പോഴേക്കും അവർക്ക് പുതിയ പള്ളിയ്ക്കുള്ള മനോഹരമായ സ്ഥലവും കെട്ടിടവും കിട്ടി. ആകെട്ടിടം അവർ ശരിയ്ക്കും മനോഹരമായ ഒരു ദേവാലയമാക്കി മാറ്റി. അതു കണ്ട് പിന്നേയും പിന്നേയും ഓരോ കുടുംബങ്ങൾ അവിടെ അംഗങ്ങളായി. അങ്ങിനെ ഏകദേശം മൂന്നു വർഷം കഴിഞ്ഞപ്പോൾ സാറാകൊച്ചമ്മ ഗർഭിണിയായി. അത് ആ ഇടവകകാർക്കെല്ലാം ഏറെ സന്തോഷം നൽകി. സ്വർഗ്ഗത്തിൽ നിന്ന് ഒരു മാലാഖ വന്നിറങ്ങിയതുപോലെ സുന്ദരിയും സൽസ്വഭാവിയുമായ സാറാമ്മ ഗർഭിണിയായത് അവർക്കെല്ലാം കൂടുതൽ കൂടുതൽ സന്തോഷമായ കാര്യമാണല്ലോ.

വീട്ടിൽ ആദ്യമായി ഒരു കുഞ്ഞു വരുമ്പോൾ ഈ അപ്പാർട്ടുമെന്റിൽ നിന്നും മാറി ഒരു വീട്ടിൽ താമസമാക്കണമെന്നവർ ആഗ്രഹിച്ചു. ഇതിനോടിടയ്ക്ക് സാറാമ്മയ്ക്ക് ജോലിക്കു പോകാനും വരാനുമായി ഒരു പുതിയ ലക്സസ് കാർ വാങ്ങിച്ചതു കൂടാതെ അച്ചനായിട്ട് ഒരു പുതിയ ബെൻസു കാറും വാങ്ങിച്ചിരുന്നു. മാസം തോറും കുറേശേ പണം അടച്ചാൽ മതിയല്ലോ. പള്ളിയ്ക്കും സാറാമ്മ ജോലി ചെയ്യുന്ന ആശുപത്രിയ്ക്കും മദ്ധ്യത്തിലായി ഒരു നല്ല വലിയ വീട് വിൽക്കാനുള്ളത് അവർ വാങ്ങി. എല്ലാം ദൈവം നടത്തും എന്ന പരിപൂർണ്ണ വിശ്വാസം അച്ചനുണ്ടായിരുന്നു. വീടിന്റെ മാസംതോറുമുള്ള അടപ്പും കരവും കൂടെ തന്നെ നല്ല ഒരു തുകയാകും. അവരുടെ കയ്യിൽ ഇത്രയും നാൾ സമ്പാദിച്ചതു ഏകദേശം മുഴുവൻ വീടിന്റെ അടിസ്ഥാന പണമായി കൊടുത്തു. ബാക്കി ഉണ്ടായിരുന്നതു മുഴുവനും മുടക്കി വീട്ടിലേക്കു വേണ്ട മിക്കവാറും സാധനങ്ങൾ വാങ്ങി. ബാക്കി പോരാതെ വന്ന സാധനങ്ങൾ പള്ളിയിലെ പലരും വാങ്ങികൊടുത്തു.

സാറാകൊച്ചമ്മയുടെ പ്രസവ സമയമായി. അവർ വളരെ ഭാരപ്പെട്ടു. കാരണം ഭാരിച്ച ഒരു തുക കടമായി അവരുടെ മുമ്പിൽ നില്പുണ്ടെന്നുള്ള ചിന്ത അവർക്ക് വലിയ ടെൻഷനാണ്. ആ ടെൻഷനോടുകൂടിയാണ് പ്രസവിക്കാൻ അവർ അവൾ ജോലി ചെയ്തിരുന്നആശുപത്രിയിൽ പ്രവേശിച്ചത്. രാത്രി സൂക്ഷം പന്ത്രണ്ടു മണിക്ക് ആകാശത്തു നിന്ന് ഒരു നക്ഷത്ര കഷണം പൊട്ടിവീണതു പോലെ സുന്ദരിയായ ഒരു പെൺകുഞ്ഞ്. പ്രസവാനന്തരം സാറാമ്മ മരിച്ചു.

കൊച്ചു തോമസച്ചൻ സ്വർഗ്ഗത്തിലേക്ക് രണ്ടു കൈകളും ഉയർത്തി ഹൃദയം പൊട്ടുമാറ് ഉച്ചത്തിൽ അറിയാതെ പാടിപ്പോയി: ''ദുഃഖത്തിന്റെ പാനപാത്രം'' സാറാമ്മയുടെ മരണവാർത്തയറിഞ്ഞ അവളുടെ വീട്ടുകാർ ശവസംസ്ക്കാരം നാട്ടിലെ പള്ളിയിൽ നടത്തനായി യാചിച്ചു.

ഇത്രയും സുന്ദരനായ കൊച്ചച്ചനെ വിവാഹം കഴിച്ച് ആ പെൺകുഞ്ഞിനേയും നോക്കി രക്ഷിക്കാൻ അവിവാഹിതരായ നേഴ്സുമാർ ആ ഇടവകയിൽ തന്നെയുണ്ട്. പക്ഷേ സഭ അനുവദിക്കത്തില്ലല്ലോ. സുന്നഹദോസു കൂടി; പക്ഷേ കോട്ടയത്തിരിക്കുന്ന പരിശുദ്ധ പിതാക്കന്മാർക്ക് പരിഹാരം കണ്ടെത്താനായില്ല.